"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 12-07-2023

**സർക്കുലർ നം 20**

കേരളത്തിലെ ജയിലുകളിൽ കഴിയുന്ന വിവിധ തരത്തിലുള്ള തടവുകാരെ സന്ദർശിക്കുന്നതിനായി വിവിധ തരം സന്ദർശകർ നിത്യേന കേരളത്തിലെ ജയിലുകളിൽ എത്താറുണ്ട്. വിവിധ തരം സന്ദർശകർ എന്ന വിഭാഗത്തിൽ തടവുകാരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, നിയമോപദേശകർ എന്നിവരും ഉൾപ്പെടുന്നു. മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട സന്ദർശകർക്ക് തടവുകാരുമായി അനുയോജ്യമായ സമയത്ത് ആവശ്യമായ നിയന്ത്രണത്തോടു കൂടി കൂടിക്കാഴ്ച നടത്തുന്നതിനോ അല്ലെങ്കിൽ മറ്റ് തരത്തിൽ വാക്കാലോ എഴുത്തു മുഖേനയോ ആശയ വിനിമയം നടത്തുന്നതിനും മതിയായ സൗകര്യങ്ങൾ **"2010 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ആക്ട്"** പ്രകാരവും **"2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ട"**ങ്ങളിലെ വിവിധ ചട്ടങ്ങൾ പ്രകാരവും നൽകി വരുന്നുണ്ട്. പ്രസ്തുത ചട്ടങ്ങൾ ചുവടെ ചേർക്കും പ്രകാരമാണ്.

2010 ലെ ആക്ടിൻറെ അദ്ധ്യായം IX ൻറെ വകുപ്പ് 36 (ഡി) നിയമസേവനവും നിയമസഹായവും ഉൾപ്പെടുന്ന യോജിച്ച നിയമ നടപടികൾ പ്രാപ്യമാക്കുന്നതിനും

(എച്ച്) നിയമപ്രകാരം തടവുകാർക്ക് അനുവദനീയമായ സൗകര്യങ്ങളും പ്രത്യേക അവകാശവും സംബന്ധിച്ച വിവരം നൽകുന്നതിന്

**2010 ലെ ആക്ട് അദ്ധ്യായം 11 വകുപ്പ് 47 – ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ചയ്ക്കും ആശയവിനിമയത്തിനുമുള്ള സൗകര്യം**

ഈ ആക്ടിലെ വ്യവസ്ഥകൾക്കും പ്രിസണിൻറെയും തടവുകാരുടെയും സുരക്ഷയെ സംബന്ധിച്ചുള്ള ചട്ടങ്ങൾക്കും വിധേയമായി സൂപ്രണ്ട് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിലും അപ്രകാരമുള്ള ഇടവേളകളിലും ബന്ധുക്കളുമായും അഭിഭാഷകരുമായും കൂടിക്കാഴ്ചകൾക്കും ആശയ വിനിമയത്തിനും കത്തുകൾ എഴുതുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഓരോ തടവുകാരനും ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

**ചട്ടം 811**

**കത്തയക്കുന്നതിനും കൂടിക്കാഴ്ച നടത്തുന്നതിനും തടവുകാർക്ക് ന്യായമായ സൗകര്യങ്ങൾ അനുവദിക്കുന്നത്** -

ജാമ്യാപേക്ഷ നൽകുന്നതിനോ അപ്പീൽ തയ്യാറാക്കുന്നതിനോ ആയുള്ള ഉദ്ദേശത്തോടു കൂടിയോ തടവുകാരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനോ മറ്റ് കുടുംബ കാര്യങ്ങൾ ക്രമീകരിക്കുന്നതിനോ സഹായകമാകുന്നതിനു വേണ്ടിയോ സുഹൃത്തുക്കൾ, ബന്ധുക്കൾ, നിയമോപദേശകർ എന്നിവരുമായി ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യമോ, സൂപ്രണ്ടിന് അനുയോജ്യമാണെന്ന് തോന്നുന്ന പക്ഷം കൂടുതൽ കൂടിക്കാഴ്ചകൾക്കും കത്തുകൾ അയക്കുന്നതിനും അനുമതി നൽകേണ്ടതാണ്.

**ചട്ടം 812**

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ആനുകൂല്യങ്ങൾക്കു പുറമേ ഓരോ തടവുകാരനും തൻറെ ശിക്ഷാ കാലയളവിൽ

സുഹൃത്തുക്കളുമായോ, ബന്ധുക്കളുമായോ ആഴ്ചയിൽ ഒരിക്കൽ കൂടിക്കാഴ്ച അനുവദിക്കാവുന്നതും കത്തുകളയക്കുന്നതിനും സ്വീകരിക്കുന്നതിനും അനുമതി നൽകാവുന്നതും എന്നാൽ ഈ ആനുകൂല്യങ്ങൾ നൽകുന്നത് തടവുകാരുടെ നല്ല സ്വഭാവത്തെ ആശ്രയിച്ചും മോശം പെരുമാറ്റം പ്രകടിപ്പിച്ചാൽ ഈ ആനുകൂല്യങ്ങൾ സൂപ്രണ്ടിന് പിൻവലിക്കാവുന്നതോ നീട്ടിവയ്ക്കാവുന്നതും ആണ്. ഒരു തടവുകാരനുമായി കൂടിക്കാഴ്ച നടത്തുന്നവരുടെ എണ്ണം ഒരേ സമയം അഞ്ചിൽ കൂടുതലാവാൻ പാടുള്ളതല്ല.

<u>**ചട്ടം 814**</u>

**കൂടിക്കാഴ്ചക്ക് സൂപ്രണ്ടിൻറെ അനുമതി ആവശ്യമെന്ന്**

1. ഒരു തടവുകാരനും സൂപ്രണ്ടിൻറെ രേഖാമൂലമുള്ള അനുമതി ഇല്ലാതെ കൂടിക്കാഴ്ചക്കോ കത്തുകൾ എഴുതുന്നതിനോ സ്വീകരിക്കുന്നതിനോ അനുമതി ഇല്ല.

<u>**ചട്ടം 820**</u>

**കൂടിക്കാഴ്ചയുടെ ദൈർഘ്യം –**
കൂടിക്കാഴ്ചക്ക് അനുവദിക്കുന്ന സമയം സാധാരണ ഗതിയിൽ അര മണിക്കൂറിനുള്ളിൽ കവിയാൻ പാടില്ല.

<u>**ചട്ടം 827**</u>

**കൂടിക്കാഴ്ചയുടെയും കത്തുകളുടെയും കാര്യത്തിൽ ശിക്ഷിക്കപ്പെടാത്ത ക്രിമിനൽ തടവുകാർക്കും സിവിൽ തടവുകാർക്കും നൽകേണ്ട സൗകര്യങ്ങൾ** -

(1) റിമാൻഡ്/ വിചാരണ/കരുതൽ തടങ്കൽ/സിവിൽ എന്നീ തടവുകാർക്ക് അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, നിയമോപദേശകർ എന്നിവരുമായി അനുയോജ്യമായ സമയത്ത് ആവശ്യമായ നിയന്ത്രണത്തോട്ടു കൂടി കൂടിക്കാഴ്ച നടത്തുന്നതിനോ അല്ലെങ്കിൽ മറ്റ് തരത്തിൽ വാക്കാലോ എഴുത്തു മുഖേനയോ ആശയ വിനിമയം നടത്തുന്നതിനും മതിയായ സൗകര്യങ്ങൾ അനുവദിക്കേണ്ടതാണ്.

(2) ശിക്ഷിക്കപ്പെടാത്ത തടവുകാരനുമായി അയാളുടെ നിയമോപദേശകൻ നടത്തുന്ന ഒരോ കൂടിക്കാഴ്ചയും ജയിൽ ഓഫീസറുടെ ദൃഷ്ടിപരിധിയിലും എന്നാൽ കേൾവിക്കപ്പുറവുമാ യിരിക്കണം. ശിക്ഷിക്കപ്പെടാത്ത തടവുകാരൻറെ ഏതെങ്കിലും അടുത്ത ബന്ധുവുമായി നടത്തുന്ന കൂടിക്കാഴ്ചക്കും സമാനമായ ആനുകൂല്യം സൂപ്രണ്ടിനു നൽകാവുന്നതാണ്.

(3) തടവുകാരൻറെ നിയമോപദേശകൻ എന്ന നിലയിൽ ഒരു ശിക്ഷിക്കപ്പെടാത്ത തടവുകാരനുമായി കൂടിക്കാഴ്ച നടത്താൻ ഒരു വ്യക്തി ആഗ്രഹിക്കുന്നു എങ്കിൽ അയാൾ അതിന് പേര്, അഡ്രസ്സ്, ഏതു നിയമ വിഭാഗത്തിൽപ്പെടുന്നു എന്നീ വിവരങ്ങൾ വെളിപ്പെടുത്തുന്ന രേഖാമൂലമുള്ള അപേക്ഷ നൽകേണ്ടതും കാണാനാഗ്രഹിക്കുന്ന തടവുകാരൻറെ യഥാർത്ഥ നിയമോപദേശക നാണെന്നും തടവുകാരനുമായി നിയമ പരമായ ഇടപാടുകൾ ഉണ്ടെന്നും സൂപ്രണ്ടിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

(4) ഒരു ശിക്ഷിക്കപ്പെടാത്ത ക്രിമിനൽ തടവുകാരൻ തൻറെ നിയമോപദേശകന് നൽകാൻ തയ്യാറാക്കിയിട്ടുള്ള സത്യസന്ധമായ രേഖാമൂലമുള്ള അറിയിപ്പ് ആ നിയമോപദേശകനോ അദ്ദേഹത്തിൻറെ അംഗീകൃത ഗുമസ്തനോ വ്യക്തിപരമായി നൽകേണ്ടതാണ്.

(5) സൂപ്രണ്ട് നിശ്ചയിക്കുന്ന നിബന്ധനകളനുസരിച്ചും സമയത്തിനും സിവിൽ തടവുകാർക്ക് അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, നിയമോപദേശകർ എന്നിവരെ കാണാവുന്നതും ആയതിന് ഒരു ജയിൽ ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യം അത്യാവശ്യമില്ലാത്തതുമാണ്. സൂപ്രണ്ടിൻറെ വ്യക്തമായ അനുമതി ഇല്ലാതെ മധുര പലഹാരങ്ങളോ, മറ്റ് ഭക്ഷണ സാധനങ്ങളോ സിവിൽ ജയിലിനുള്ളിൽ കൊണ്ടു പോകാൻ ഒരു സന്ദർശകനെയും അനുവദിക്കാവുന്നതല്ല.

ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ സന്ദർശകർ / നിയമോപദേശകർ കർശനമായി പാലിക്കേണ്ടതാണ്.

(1) കൂടിക്കാഴ്ചക്ക് അര മണിക്കൂറിൽ കൂടുതൽ സമയം ആവശ്യമുണ്ടെങ്കിൽ സൂപ്രണ്ടിൻറെ അനുമതി ആവശ്യമാണ്.

(2) കൂടിക്കാഴ്ചക്ക് എത്തുന്ന നിയമോപദേശകർക്ക് ബാർ അസോസിയേഷൻ/ബാർ കൗൺസിൽ അംഗീകരിച്ച തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതിയുടെ **26/06/2023 തീയതിയിലെ WP (C) No.18650 of 2023** എന്ന പെറ്റീഷനുമേലുള്ള ഉത്തരവിൽ തടവുകാർക്ക്, നിയമ പരമായ സേവനവും, നിയമ സഹായവും ഉൾപ്പടെയുള്ള നിയമാനുസൃതമായ നടപടി ക്രമങ്ങളിലേക്ക് പ്രവേശിക്കുന്നതിനുള്ള അനുമതി ഉണ്ടായിരിക്കുകയും, ബന്ധുക്കളുമായും അഭിഭാഷകരുമായും അഭിമുഖത്തിനും ആശയ വിനിമയത്തിനുമുള്ള സൗകര്യം നൽകുന്നതിനെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു

ജയിലുകളിൽ കഴിയുന്ന തടവുകാരെ സന്ദർശിക്കുന്നതിനും അവരുടെ വക്കാലത്ത് ഒപ്പിടുന്നതിനുമായി ജയിലിൽ എത്തുന്ന നിയമോപദേശകർക്ക് അവരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സം വരാതെ നോക്കേണ്ടതും, നിയമോപദേശകർക്കായി ജയിലുകളിൽ നിശ്ചയിച്ചിട്ടുള്ള റൂമുകളിൽ, അവർക്ക് തടവുകാരുമായി സംവദിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതും നിയമോപദേശകരിൽ നിന്നും ഉപദേശം സ്വീകരിക്കേണ്ടത് തടവുകാരുടെ ഭരണ ഘടനാപരമായ അവകാശമാണെന്നിരിക്കേ കോടതികളുടെ പ്രതിനിധികളായി ജയിലിൽ എത്തുന്ന അഭിഭാഷകർക്ക് മതിയായ പരിഗണനയും, ബഹുമാനവും നൽകേണ്ടതുമാണ്.

മേൽ സർക്കുലറിൽ പരമാർശിച്ചിരിക്കുന്ന ചട്ട പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാ ജയിൽ സൂപ്രണ്ടുമാരും കർശനമായി പാലിക്കേണ്ടതും നടപടി ക്രമങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

കെ പദ്‌മകുമാർ IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ് : ജയിൽ വെബ്സൈറ്റ്/ഓഫീസ് കോപ്പി/കരുതൽ ഫയൽ

WP1-21452/2023/PrHQ

a4a8c0